## അടിയന്തരപ്രമേയം

<u>വൈദ്യുതിമേഖല സ്വകാര്യവത്കരിക്കാനുള്ള നീക്കം</u>

<u>മി. സ്പീക്കർ</u>: വൈദ്യുതി വിതരണം സ്വകാര്യവത്കരിക്കൽ ഉൾപ്പെടെയുള്ള ഉപാധികളടങ്ങിയ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ ചേരാനുള്ള സന്നദ്ധത സംസ്ഥാന സർക്കാർ രേഖാമൂലം അറിയിച്ചതിനെത്തുടർന്ന് വൈദ്യുതി വിതരണ മേഖല സ്വകാര്യവത്കരിക്കാനുള്ള കർമ്മ പദ്ധതി തയ്യാറാക്കി പതിനഞ്ച് ദിവസത്തിനകം അറിയിക്കാൻ കേന്ദ്ര പവർ ഫിനാൻസ് വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ.കെ. ബാലൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഫെബ്രുവരി 13-ാം തീയതി പവർ ഫിനാൻസ് കോർപ്പറേഷനിൽനിന്നും കത്ത് ലഭ്യമായിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ച് ഇവിടെ ഉന്നയിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ലെറ്റർ തന്നെ ഞാൻ വായിക്കാൻ ഉദ്ദേശിക്കുകയാണ്. “During the 6$^{th}$ Power Ministers’ Conference held on February 2013, the merit and demerit of

various distribution model namely hundred percent public co-opt, public-private partnership, hundred percent private own and franchisee model were presented during the presentation. I was highlighted the private entities, public-private partnership, franchisee model were generally fairy much better than Government on utilities. ഇതാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്ന ഒരു കാര്യം. രണ്ടാമത്തെ ഖണ്ഡികയിൽ പറയുന്നത്, "Recommendation of high level panel headed by V.K. Sukla, Ex. CAG to adopt franchisee model for specified towns- 255 numbers and that of task force headed by V.K. Chathurvedi, Member, Planning Commission, that the State may choose public-private partnership or franchisee model whichever the thing is more suited to their needs were also shared with partnership". ഇത് ശുക്ല കമ്മീഷന്റെയും ചതുർവേദി കമ്മീഷന്റെയും റെക്കമെന്റേഷനുകളാണ്. ഒന്ന് ഫ്രാഞ്ചൈസി മോഡലും മറ്റൊന്ന് പി.പി.പി മോഡലുമാണ്. മൂന്നാമത്തെ ഖണ്ഡികയിൽ, "In view of the improve the financial health of the overall power sector it is therefore very important that the State initiate action for improvement of efficiency either through privatization of distribution utilities or recommended by aforesaid two Committees or otherwise". That is most important one. "Needless to mention that your utility is made more profit Rs. 241 crores during 2011-12. വളരെ ക്ലിയറാണ്.

ശ്രീ. ടി.എം. തോമസ് ഐസക്: സർ, ഒന്നുകൂടി വായിക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇനിയും വായിച്ചാൽ സമയം പോകില്ലേ. ഞാൻ കോപ്പി തരാം. I bound to lay on the table. So you will get a copy of these. നാലാമത്തെ ഖണ്ഡികയിൽ പറയുന്നത്, “Since PFC (Power Finance Corporation) has committed financial assistance of Rs. 2028 crore to all the three segments of power, (ie, generation, transmission and distribution) we were concerned about the financial health of your distribution utility. The future commitment disbursement to any of three segments in your State shall be depended on action initiated by you in respect of efficiency improvement as envisage above. ഇതിൽ മൂന്ന് ഓപ്ഷനുണ്ട്. പവർ മിനിസ്റ്റേഴ്സിന്റെ പ്രസന്റേഷനിൽ ഫ്രാഞ്ചൈസി മോഡലോ പി.പി.പി മോഡലോ കുറച്ചുകൂടി ബെറ്ററായി കണ്ടു. ഇത് ശുക്ല കമ്മീഷന്റെയും ചതുർവേദി കമ്മീഷന്റെയും അഭിപ്രായമാണ്. ഇതല്ലാത്തതും ആകാവുന്നതാണ്. അതാണ് ‘otherwise’ എന്നുപറയാനുള്ള കാരണം. എഫിഷ്യൻസി കൂട്ടാനുള്ള മാർഗ്ഗം ആരായണമെന്നാണ് മൂന്നാമത്തെ ഖണ്ഡികയിൽ പറയുന്നത്. പ്രൈവറ്റൈസേഷൻ വേണമെന്നോ ഫ്രാഞ്ചൈസി മോഡൽ വേണമെന്നോ പറഞ്ഞിട്ടില്ല. എഫിഷ്യൻസി കൂട്ടണമെന്നാണ് പറഞ്ഞിട്ടുള്ളത്. 2011–12-ൽ 241 കോടി പ്രോഫിറ്റുണ്ടാക്കിയതായി കാണുന്നു എന്ന് അവർതന്നെ പറയുന്നു. ഞാൻ ഇതിൽ otherwise ആണ് അംഗീകരിക്കുന്നത്. എഫിഷ്യൻസി കൂട്ടാനുള്ള മാർഗ്ഗം നമ്മുടെ മാർഗ്ഗമാ

ണെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇവർ പറഞ്ഞതും അതാണ്. നമ്മുടെ സംസ്ഥാനത്തെ ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ ലോസ് 2001-ൽ 31 ശതമാനവും 2006 മാർച്ചിൽ 22 ശതമാനവും ആയിരുന്നത് ഇപ്പോൾ 17 ശതമാനമാണ്. അതിന്റെ അർത്ഥം നമ്മുടെ സിസ്റ്റമാണ് ഏറ്റവും നല്ല സിസ്റ്റമെന്നാണ്. ബഹുമാനപ്പെട്ട എ.കെ. ബാലൻ കുറെ കോൺട്രിബ്യൂട്ട് ചെയ്തിട്ടുണ്ട്. ഞാൻ അതൊക്കെ അംഗീകരിക്കുന്നു. അതുകൊണ്ട് ഈ സർക്കുലർ നമ്മുടെ സിസ്റ്റം അംഗീകരിക്കുന്നതിനോ അല്ലെങ്കിൽ പ്രൈവറ്റൈ സേഷൻ നടത്തണമെന്നുള്ളതിനോ ഒരിക്കലും നിഷ്ക്കർഷിക്കുന്നില്ല. ഇതാണ് എനിക്ക് പറയാനുള്ളത്.

<u>വൈദ്യുതിമേഖല സ്വകാര്യവത്കരിക്കാനുള്ള നീക്കം</u>

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, തെറ്റായ നയങ്ങൾക്കെതിരായി ഇൻഡ്യൻ ജനതയുടെ അവകാശപ്പോരാട്ടത്തിന് മണിക്കൂറുകൾ മാത്രം അവശേഷി ക്കുന്ന ഘട്ടത്തിലാണ് ഞാൻ ഈ അടിയന്തര പ്രമേയം അവതരിപ്പിക്കുന്നത്. പ്രതിഷേധത്തിന്റെ അഗ്നിജ്വാലയ്ക്ക് തിരികൊളുത്തി 48 മണിക്കൂർ നമ്മുടെ രാജ്യം സ്തംഭിക്കാൻ പോവുകയാണ്. ഈ പശ്ചാത്തലത്തിലാണ് നവഉദാര വൽക്കരണ നയം കേരളത്തിന്റെ അഭിമാനമായ, പൊതുമേഖലാ സ്ഥാപന മായ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വിതരണ മേഖലയിൽ ആദ്യം സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ബഹുമാ നപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി എന്തു പറഞ്ഞാലും ലഭ്യമായ വിവരങ്ങൾ വച്ച് സംസ്ഥാന വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചുകഴിഞ്ഞുവെന്നാണ് ഞാൻ മനസ്സി

ലാക്കുന്നത്. ഇത് മൂടിവയ്ക്കുന്നതിനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തുന്നത്. അതീവ ഗുരുതരമായ ഈ പ്രശ്നം അതുകൊണ്ടുതന്നെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ടതാണ്. യഥാർത്ഥ വസ്തുത പുറത്തുകൊണ്ടുവരാൻ അതുകൊണ്ട് നമുക്ക് കഴിയും. 6.2.2013-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 55-ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ മറുപടി പറഞ്ഞത്, വൈദ്യുതിവിതരണ മേഖല സ്വകാര്യവൽക്കരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ലെന്നാണ്. വൈദ്യുതി മേഖലയിൽ കടം വരുത്തിയ ഡിസ്ട്രിബ്യൂഷൻ കമ്പനികളെ സഹായിക്കുന്നതിനുവേണ്ടി കേന്ദ്രം കൊണ്ടുവന്ന പദ്ധതിയാണ് ഫിനാൻഷ്യൽ റീ-സ്ട്രക്ച്ചറിംഗ് പാക്കേജ്. ഈ സ്കീമിൽ ചേരാൻ 31.12.2012-വരെ വിവിധ സംസ്ഥാനങ്ങൾക്ക് കാലാവധി നൽകി. ഈ പാക്കേജുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്രം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 14.11.2012-ൽ കത്തയച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഈ കത്ത് സംസ്ഥാന ഗവൺമെന്റിന് നൽകുന്നത് 30.11.2012-നാണ്. ഈ പാക്കേജിലെ സ്വകാര്യവൽക്കരണ നടപടികൾ സ്വീകരിച്ചാൽ, അതിനുള്ള മാൻഡേറ്ററി നിബന്ധനകൾ അംഗീകരിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്ന് ഈ കത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സംസ്ഥാന ഗവൺമെന്റിന് മുന്നറിയിപ്പ് നൽകി. 'The mandatory conditions stated in this scheme have far reaching implications and the acceptance of the State Government is required'. ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്ന മുന്നറിയിപ്പ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സംസ്ഥാന ഗവൺമെന്റിന് നൽകിയതാണ്. 17.12.2012-ൽ ഊർജ്ജ വകുപ്പ്

സെക്രട്ടറി കേന്ദ്ര ഊർജ്ജവകുപ്പ് സെക്രട്ടറിക്ക് കത്തയച്ചു. കത്തിൽ പറയുന്നത്, കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദിഷ്ട സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ എല്ലാ മാൻഡേറ്ററി കണ്ടീഷനും അംഗീകരിക്കുന്നുവെന്നാണ്. 17.12.2012–ന് ഊർജ്ജവകുപ്പ് സെക്രട്ടറി കേന്ദ്ര ഗവൺമെന്റിനയച്ച കത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം "We also agreed to abide by all mandatory conditions of this scheme as contained in the part (c) of the scheme. Further recommendatory conditions of this scheme will be considered and implemented in the State Distribution Companies in future" എന്നാണ്. ഇങ്ങനെ ഉറപ്പ് കൊടുത്തുകഴിഞ്ഞു. ഇത് വ്യക്തമാക്കുന്നതെന്താണ്; സ്വകാര്യവൽക്കരണത്തിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവെന്നല്ലേ. എന്തിനാണിത് മറച്ചുവയ്ക്കുന്നത്. ഇതിന്റെ ഭാഗമായി പാർട്ട് (സി) പ്രകാരം താരിഫ് പെറ്റീഷൻ കൊടുക്കണം. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് ഡിസംബർ മാസം 31–ാം തീയതി താരിഫ് പെറ്റീഷൻ കൊടുത്തു. എന്താണ് മാൻഡേറ്ററി കണ്ടീഷൻ; അതിൽ 26 എണ്ണമുണ്ട്. അതിൽ 7 എണ്ണം റെക്കമെന്റേഷനാണ്. പ്രധാനമായും വൈദ്യുതി വിതരണരംഗം സ്വകാര്യപങ്കാളിത്തം ഉറപ്പുവരുത്തണം. ആ സ്കീമിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർക്ക് ആവശ്യമാണെങ്കിൽ ഞാനത് മേശപ്പുറത്ത് വയ്ക്കാം. എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഞാൻ ഇവിടെ പറയുന്നില്ല. 26 എണ്ണവും കംപ്ലൈ ചെയ്തുവെന്ന് പറഞ്ഞാണ് ഊർജ്ജവകുപ്പ് സെക്രട്ടറി കത്ത് കൊടുക്കുന്നത്. വൈദ്യുതി വിതരണരംഗം സ്വകാര്യപങ്കാളിത്തം ഉറപ്പുവരുത്തണം. അതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ franchisee or

other mode of private participation. എല്ലാവർഷവും ഏപ്രിൽ മാസം 1-ാം തീയതി പുതുക്കിയ താരിഫ് നിലവിൽ വരത്തക്കവണ്ണം റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകണം. അത് നമ്മൾ കൊടുത്തുകഴിഞ്ഞു. ക്രോസ് സബ്സിഡി കുറയ്ക്കണം, open access. കേരളത്തിന് ഇതിന്റെ ഭാഗമായി എന്ത് നേട്ടമാണ് ഉണ്ടാകുന്നത്. ഹ്രസ്വകാല ബാദ്ധ്യതയുടെ പകുതി സംസ്ഥാനം വഹിച്ചാൽ അതിന്റെ നാലിലൊന്ന് കേന്ദ്രം തരുമെന്നാണ് ഇതിൽ പറയുന്നത്. 6.2.2013-ൽ എന്റെ ചോദ്യത്തിന് ഉത്തരമായി ശ്രീ. ആര്യാടൻ മുഹമ്മദ് നൽകിയിട്ടുള്ള മറുപടിയിൽ, ഇതിനകംതന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്ന് വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റ് പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിന് തത്വത്തിലുള്ള സമ്മതം 17.12.2012 -ലെ കത്ത് പ്രകാരം സംസ്ഥാനം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു. ഹ്രസ്വകാല വായ്പകളുടെ പകുതി സംസ്ഥാനം വഹിച്ചാൽ അതിന്റെ നാലിലൊന്ന് ഗ്രാന്റായി കേന്ദ്രം തരുമെന്നാണ് പറയുന്നത്. അതിന്റെ അർത്ഥമെന്താണ്? കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൊതുകടം ഇപ്പോൾ 2640 കോടി രൂപയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 4500 കോടി രൂപയായിരുന്നത് വി.എസ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 1500 കോടി രൂപയാക്കി ചുരുക്കി. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്നാൽ 2640 കോടി രൂപയിൽ പകുതി 1320 കോടി രൂപ സംസ്ഥാന ഗവൺമെന്റ് കൊടുത്താൽ അതിന്റെ

നാലിലൊന്ന്, അതായത് 330 കോടി രൂപ കേന്ദ്രം തരുമെന്നാണ് പറയുന്നത്. ഇതിനുതന്നെ ഈ പാക്കേജിൽ ഒരു കണ്ടീഷനുണ്ട്. പ്രസരണ നഷ്ടം കുറച്ചു കൊണ്ടുവരണം. അതിന് 15 ശതമാനം നിലവിലുള്ള പ്രസരണ നഷ്ടം, അതായത് ആർ.എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഇപ്പോഴുള്ള 16.5 ശതമാനത്തിൽ നിന്ന് 15 ശതമാനായി കുറച്ചുകൊണ്ടുവരും. ആ 15 ശതമാനത്തിൽ നിന്ന് കുറയ്ക്കുന്നതിന് സമാനമായിട്ടുള്ള വൈദ്യുതിയുടെ കാശ് കേന്ദ്രഗവൺമെന്റ് തരും, not exceeding 330. അങ്ങനെ 330 കോടി രൂപയാണ് പരമാവധി തരുന്നത്. സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതിന്റെ നാലിലൊന്നാണ് തരുന്നത്. അതിനേക്കാൾ കൂടുതൽ തരില്ല. അതുതന്നെ കിട്ടണമെങ്കിൽ നിലവിലുള്ള 15 ശതമാനം പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരണം. ഒരുശതമാനം പ്രസരണ നഷ്ടം കുറച്ചാൽ നമുക്ക് 66 കോടി രൂപയാണ് കിട്ടുന്നത്. 2 ശതമാനം പ്രസരണ നഷ്ടം കുറച്ചാൽ 132 കോടി രൂപ കിട്ടും. എങ്ങനെ വിചാരിച്ചാലും പ്രസരണനഷ്ടം പരമാവധി 13 ശതമാനത്തിൽ താഴെ കുറയ്ക്കാൻ കഴിയില്ല. എന്നാൽത്തന്നെ 132 കോടി രൂപയേ കിട്ടുകയുള്ളു. ആ 132 കോടി രൂപയ്ക്ക് വിതരണരംഗം സ്വകാര്യവൽക്കരിക്കേണ്ടതുണ്ടോ; ഈ പൊതുസ്വത്ത് കൊള്ളയടിക്കാൻ സ്വകാര്യമേഖലകളെ ക്ഷണിച്ച് വരുത്തേണ്ടതുണ്ടോ? ഇതിനുതുടക്കം കുറിച്ചത് 2003-ലെ ഇലക്ട്രിസിറ്റി ആക്ടാണ്. ഈ നിയമപ്രകാരം പുന:സംഘടനയും വിഭജനവും നടത്തി ഇൻഡ്യാരാജ്യത്തിന്റെ മിക്ക സംസ്ഥാനങ്ങളും ഇലക്ട്രിസിറ്റിമേഖല സ്വകാര്യവൽക്കരിക്കുന്ന ഘട്ടത്തിലാണ്. അതിനു ബദലായി ഒരു ബദൽനയം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇൻഡ്യാരാജ്യത്ത് ആദ്യമായി വൈദ്യുതി മേഖല

പരിപൂർണ്ണമായും ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചത്. ആ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് കേന്ദ്ര ഗവൺമെന്റ് ആളെപ്പറ്റിക്കുന്ന രീതിയിലുള്ള ഈ സ്കീം മുന്നോട്ട് വയ്ക്കുന്നത്. പൊതുമേഖലയിൽ ഗവൺമെന്റിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒറ്റ കമ്പനി ഒരു രൂപത്തിലും സ്വകാര്യവത്കരിക്കാൻ സാധാരണ നിലയിൽ സാധിക്കാത്ത സാഹചര്യത്തിൽ ഒരു വളഞ്ഞ വഴി ഉപയോഗപ്പെടുത്തി ക്കൊണ്ട് കേന്ദ്രഗവൺമെന്റ് ഒരു വലിയ സാമ്പത്തികമായ സഹായം ഞങ്ങൾ ചെയ്യുന്നുവെന്ന വ്യാജ്യേന കേരളത്തിലെ അതിശക്തമായ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി തിരിച്ചറിയണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് ഈ വഴി ഉപയോഗിച്ച് തകർക്കുന്നതിനെ തിരിച്ചറിയാൻ ബഹുമാന പ്പെട്ട മന്ത്രിക്ക് കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. കേന്ദ്രനിയമം വന്നതി നുശേഷം ഒരുലക്ഷത്തിഎഴുപത്തിഏഴായിരം കോടി രൂപയുടെ നഷ്ടമാണ് ഉദാരവൽക്കരണ സ്വകാര്യവൽക്കരണ നയത്തിന്റെ ഭാഗമായി ഇൻഡ്യാ രാജ്യത്തിന്റെ ഊർജ്ജ മേഖലയിൽ ഉണ്ടായിട്ടുള്ളത്. അനുഭവത്തിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ഈ നയത്തിനെതിരായ ശക്തമായ നിലപാട് സ്വീകരിക്കുകയാണ് നമ്മൾ വേണ്ടത്. രണ്ടാം യു.പി.എ. ഗവൺമെന്റ് യഥാർത്ഥത്തിൽ പൊതുമേഖലയുടെ അന്തകനാണ്. അത് ബഹുമാനപ്പെട്ട അങ്ങേയ്ക്ക് തന്നെ അറിയാമല്ലോ. കെ.എസ്.ആർ.ടി.സി.യുടെ അനുഭവം ഒരു പാഠമാണല്ലോ, താങ്കളുടെ മുമ്പിൽതന്നെയുണ്ടല്ലോ, വില നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് വേണ്ടായെന്ന് തീരുമാനിച്ചതോടുകൂടി നമ്മുടെ രാജ്യം തകരുകയല്ലേ ജനാധിപത്യ രാഷ്ട്രീയ വ്യവസ്ഥയുടെ സ്വീകാ

ര്യതയല്ലേ ഇവിടെ വെല്ലുവിളിക്കപ്പെടുന്നത്. രാജ്യത്തിന്റെ സ്വാതന്ത്ര്യമല്ലേ, പരമാധികാരമല്ലേ ഇതിന്റെ ഭാഗമായി വെല്ലുവിളിക്കാൻ പോകുന്നത്. ഇതൊരു കേവലം വിലപ്രശ്നത്തിന്റെ ഭാഗംമാത്രമാണോ? ഈ വ്യവസ്ഥ യോടുതന്നെ, പാർലമെന്ററി ജനാധിപത്യത്തോടുതന്നെ പരമ പുച്ഛമല്ലേ ജനങ്ങൾക്ക് തോന്നുന്നത്? ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഞങ്ങൾ ഒന്നും ചെയ്യില്ല. ജനങ്ങളെ ബാധിക്കുന്ന പ്രശ്നമായ വിലക്കയറ്റത്തിൽ ഞങ്ങൾ ഒന്നും ചെയ്യില്ല. ഒരു നിയന്ത്രണവും ഞങ്ങൾക്ക് വേണ്ട. അതെല്ലാം ഞങ്ങൾ സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുത്തിരിക്കുന്നു. കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കുന്നുവെന്ന് പറഞ്ഞുകഴിഞ്ഞാൽ നമ്മുടെ രാജ്യത്തിലെ തീവ്ര വാദികളും മാവോവാദികളും എല്ലാം പറയുന്നത് ഇതുതന്നെയാണ്. അതു കൊണ്ട് ഒരു കേവലം വിലവർദ്ധനവിന്റെ മാത്രം പ്രശ്നമായി നമ്മൾ കാണരു ത്. ഇതൊരു നയത്തിന്റെ പ്രശ്നമാണ്. അത് തിരിച്ചറിയാനുള്ള കഴിവ് നമു ക്കുണ്ടാകണം. കള്ളപ്പണം ഉപയോഗിച്ച് ജനാധിപത്യത്തെ വിലയ്ക്കെടുക്കാ മെന്ന് ഒന്നാം യു.പി.എ. ഗവൺമെന്റ് തെളിയിച്ചില്ലേ? നമ്മുടെ രാജ്യത്തെ ഈ ഉദാരവൽക്കരണ നയത്തിന്റെയും ആഗോളീകരണ നയത്തിന്റെയും ഭാഗമായി നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യത്തെ, പരമാധികാരത്തെ, എങ്ങനെയാണ് വെല്ലുവിളിക്കുന്നതെന്ന് നമ്മൾ കണ്ടതല്ലേ? ഇതിനെതിരായ അതിശക്തമായ പ്രതികരണം നമ്മുടെ രാജ്യത്തിന്റെ പൊതുമേഖലകൾ സംരക്ഷിക്കുക, വിലക്കയറ്റം തടയുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടി ക്കുക, മിനിമം കൂലി പ്രതിമാസം 10,000 ആക്കുക, കരാർ തൊഴിൽ അവസാ നിപ്പിക്കുക, തുല്യജോലിക്ക് തുല്യ വേതനം, ട്രേഡ് യൂണിയനുകളെ അംഗീക രിക്കുക, എല്ലാ തൊഴിലാളികൾക്കും പെൻഷൻ എന്നീ മുദ്രാവാക്യങ്ങൾ വച്ചുകൊണ്ടാണ് ഈ ഫെബ്രുവരി 20, 21 തീയതികളിൽ......

<u>മി. സ്പീക്കർ:</u> സമരപ്രചരണ പ്രഖ്യാപനം നിയമസഭയിൽ പാടില്ല. അങ്ങ് പ്രസംഗിച്ചാൽ മതി.

<u>ശ്രീ. എ.കെ. ബാലൻ:</u> സർ, ഞാൻ പ്രഖ്യാപിക്കുന്നതല്ല, ഈ നയത്തിനെതിരായി അപ്പുറത്തുള്ള ഐക്യജനാധിപത്യ മുന്നണിയുടെ കൂടെ നിൽക്കുന്ന എല്ലാ ഘടകകക്ഷികളുമായി ബന്ധമുള്ള ട്രേഡ് യൂണിയനുകളടക്കം ഇന്ന് സമരരംഗത്ത് നിൽക്കുന്നത് ഈ നയത്തിനെതിരായിട്ടുള്ള പോരാട്ടത്തിന്റെ ഭാഗമായിട്ടാണ്. സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ അപേക്ഷ നൽകിയ 9 സംസ്ഥാനങ്ങളാണ് ഇൻഡ്യാരാജ്യത്തുള്ളത്. അതിൽ പഞ്ചാബും മദ്ധ്യപ്രദേശും ഉൾപ്പെടും. ഈ പാക്കേജ് അംഗീകരിക്കാൻ കഴിയില്ലെന്നും ഡിസ്ട്രിബ്യൂഷൻ രംഗം ഒരു രൂപത്തിലും സ്വകാര്യവൽക്കരിക്കാൻ ഞങ്ങൾ സമ്മതിക്കില്ലായെന്നും മദ്ധ്യപ്രദേശും പഞ്ചാബും പറഞ്ഞു. ഇതിന്റെ വ്യവസ്ഥയോട് ഞങ്ങൾക്ക് യോജിക്കാൻ പറ്റില്ലെന്നും ചില ഭേദഗതികൾ ഉണ്ടെന്നും ശേഷിക്കുന്ന 6 സംസ്ഥാനങ്ങളും പറഞ്ഞു. എന്നാൽ ഒരു ഭേദഗതിയും നിർദ്ദേശിക്കാതെ ഈ പാക്കേജിലെ എല്ലാ വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ട് വിതരണരംഗം 100 ശതമാനവും സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച ഒരേയൊരു സംസ്ഥാനം കേരളം മാത്രമാണ്. അതുകൊണ്ടുതന്നെ നമ്മൾ ലജ്ജിക്കേണ്ടതാണ്. ഇത് മാറ്റണം. ഇത് രാജ്യദ്രോഹപരവും ജനവിരുദ്ധവുമാണ്. സാധാരണനിലയിൽ പല പ്രശ്നങ്ങളുമുണ്ടാകുന്ന സമയത്ത് ശക്തമായി പ്രതികരിക്കുന്ന ഒരാളാണ് ശ്രീ. ആര്യാടൻ മുഹമ്മദ്. ഈ നയത്തിനെതിരായി ശക്തിയായി അദ്ദേഹം പ്രതികരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പല പ്രാവശ്യവും നയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങൾ ഐ.എൻ.റ്റി.യു.സി.യിൽ നിന്ന് വളർന്നുവന്ന ഒരാളാണ് എന്നുള്ളതുകൊണ്ടുതന്നെ ജനപക്ഷത്തുനിൽക്കുന്നതിനുള്ള ശ്രമം

അദ്ദേഹം കാട്ടിയിട്ടുണ്ട്. ഇന്ദിരാഗാന്ധി ചിക്കമംഗലൂരിൽ മത്സരിച്ച സമയത്തു പോലും കോൺഗ്രസ്സിൽനിന്ന് വിട്ടുപോയി ഇടതുപക്ഷത്തോടൊപ്പം അദ്ദേഹം വന്നു. മുസ്ലീം ലീഗ് ഉയർത്തുന്ന വർഗ്ഗീയ വെല്ലുവിളിക്കെതിരായി ശക്തമായ നിലപാടെടുത്തു. അങ്ങനെയുള്ള ശ്രീ. ആര്യാടൻ മുഹമ്മദ് ഈ പ്രശ്ന ത്തിൽ, അപമാനകരമായ ഒരു സ്ഥിതിവിശേഷത്തിൽ അദ്ദേഹം ഈ രണ്ടു വകുപ്പും കൈകാര്യം ചെയ്യാൻ നിർബന്ധിക്കപ്പെടുന്നു എന്നുള്ളതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ നിലവിലുള്ള ഇമേജും തകരാൻ പോകുന്നുവെന്ന് മനസ്സിലാക്കി ഈ നയത്തിനെതിരായി ശക്തമായി താൻ പ്രതികരിക്കുമെന്ന് ഈ സഭയോട് പ്രഖ്യാപിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് ഞാൻ ആദ്യം നന്ദി പറയുന്നു. ഇവിടെ ഈ പറഞ്ഞ കണക്കുകളും കാര്യങ്ങ ളിലുമൊക്കെ അർദ്ധസത്യങ്ങളാണുള്ളത്. 132 കോടി രൂപയെന്നുപറയുന്നത് ശരിയല്ല, നമുക്കിപ്പോൾ 2640 കോടി രൂപയുടെ ഷോർട്ട് ടേം ലോണും അതു പോലെ കടബാധ്യതയുമാണുള്ളത്. ബാങ്കിന്റെ 50% മുഴുവൻ ഫ്രീസ് ചെയ്യുക യാണ്. 50% ഗവൺമെന്റ് ഗ്യാരണ്ടി കൊടുക്കും. ഗവൺമെന്റ് ഗ്യാരണ്ടി കൊടുത്തുകഴിഞ്ഞാൽ ഈ സ്കീമിന്റെ അകത്തുള്ളത് നമുക്ക് തൽക്കാലം യാതൊരു പ്രയാസവും കൂടാതെ മുന്നോട്ടുപോകാൻ സാധിക്കും. എന്നുമാത്ര മല്ല, ഇന്നത്തെ നമ്മുടെ സ്ഥിതികൂടി പരിഗണിക്കേണ്ടതാണ്. ഇന്ന് ബാങ്കുകൾ നമുക്ക് അഡ്വാൻസ് തരുന്നില്ല. അതേ അവസരത്തിൽ ഇന്ത്യാ ഗവൺമെന്റ് പവർ ഫിനാൻസ് കോർപ്പറേഷന്റെയും റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പ റേഷന്റെയും പണം വാങ്ങികൊണ്ടാണ് ചെയ്യുന്നത്. നമ്മുടെ റവന്യൂ 700

കോടി രൂപയാണ്. ഒരുമാസം പവർ വാങ്ങാൻ ചെലവാക്കുന്നത് 770 കോടി രൂപയാണ്. അതിന് പുറമെ ശമ്പളം, പെൻഷൻ, മെയിന്റനൻസ്, റിപ്പയർ ഇതെല്ലാം ചേർത്ത് മാസാന്തം 200 കോടി രൂപയാണ് ഇവിടെ നഷ്ടം. പവർ വാങ്ങാനുള്ള പണം പോലും നമ്മൾ ഇന്ന് കടമെടുക്കുകയാണ്. ഈ ഒരു സാഹചര്യമാണ് ഇന്നുള്ളത്. എന്നാലും ഒരു കാര്യമാണ് എനിക്ക് പറയാനുള്ളത്. ഈ സാഹചര്യത്തിൽ ഇതുപോലുള്ള ഒരു സ്കീം ഇവിടെ ആവശ്യമാണ്. അഞ്ചു കൊല്ലക്കാലത്തേക്ക് ഒരു ഇളവ് കിട്ടുന്നു. ശ്രീ. എ.കെ.ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചു, നമുക്കൊന്നും കുറവു വരില്ലയെന്ന്. കുറയും. ആർ.എ.പി.ഡി.ആർ.പി സ്കീം ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതാണ്. ആ സ്കീം അനുസരിച്ച് 15 ശതമാനം വരെകൊണ്ടുവരേണ്ടതുണ്ട്. ഈ സ്കീമനുസരിച്ച് ആ 15 ശതമാനത്തിന്റെ താഴെ കൊണ്ടുവന്നാൽ അതിലുണ്ടാകുന്ന സേവിംഗ്സ് മുഴുവൻ ഗ്രാന്റ് ഇൻസെന്റീവാണ്. എത്രത്തോളം താഴെ കൊണ്ടുവരാൻ സാധിക്കുമെന്നുള്ളത്, എനിക്ക് യാതൊരു സംശയവുമില്ല, കുറച്ചുകൊണ്ടുവരാൻ സാധിക്കും. ഇപ്പോൾ നമ്മൾ ആർ.എ.പി.ഡി.ആർ.പി സ്കീം ഇംപ്ലിമെന്റ് ചെയ്യുകയാണ്. ആ സ്കീം നമ്മൾ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ 3–4 ശതമാനത്തിന്റെ കുറവുണ്ടാകും. 17 എന്നത് ഇന്ത്യാ ഗവൺമെന്റിന്റെ കണക്കാണ്. ശരിക്കും 16 ആണ് നമ്മെ സംബന്ധിച്ചിടത്തോളം ഇന്നുള്ളത്. അങ്ങനെ വന്നാൽ ആ എമൗണ്ട് മുഴുവൻ നമുക്ക് ഗ്രാന്റ് ഇൻസെന്റീവായാണ് കിട്ടുന്നത്. അതിനു പുറമെ 1320 കോടി രൂപയ്ക്കാണ് കേരള ഗവൺമെന്റ് ബോണ്ട് കൊടുക്കുന്നത്. അങ്ങനെ ബോണ്ട് കൊടുക്കുമ്പോൾ ആ എമൗണ്ടിന്റെ 25 ശതമാനവും നമുക്ക് ഗ്രാന്റായി കിട്ടും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കണക്കിലെ മിസ്റ്റേക്ക് ഈ രണ്ടു കാര്യങ്ങളിലും ഈ പറയുന്ന സംഖ്യ ഉൾപ്പെടുത്തിയില്ല.

രണ്ടു ഗുണമാണുള്ളത് താത്കാലികമായ സാമ്പത്തിക പ്രയാസത്തിൽ നിന്ന് മുക്തി നേടാൻ നമുക്ക് സാധിക്കും രണ്ടാമത്, ഇത് ഇഫക്ടീവായി ചെയ്തുകഴിഞ്ഞാൽ ഈ പറയുന്ന ലാഭം നമുക്കുണ്ടാകും. ഒരു കാര്യം ഇതിന് പ്രൈവറ്റൈസേഷൻ ആകാം എന്ന് ഞങ്ങൾ ഒരിക്കലും സമ്മതിച്ചിട്ടില്ല. ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയിൽ വളരെ വ്യക്തമായി പറഞ്ഞത് ഞങ്ങളുടെ ഭരണകാലത്ത്, നിങ്ങൾ വന്നാൽ എന്താകുമെന്ന് എനിക്ക് പറയാൻ കഴിയില്ല. വരാൻ സാധ്യത കുറവാണെന്ന് നമുക്ക് രണ്ടു പേർക്കുമറിയാം. എന്നാലും ഞാൻ പറയുന്നു ഞങ്ങളുടെ ഭരണകാലത്ത് ഒരു ഷെയർ പോലും ഞങ്ങൾ ഡിസ്ഇൻവെസ്റ്റ് ചെയ്യില്ല. ഒരു സംശയവും നിങ്ങൾക്ക് അക്കാര്യത്തിൽ വേണ്ട. ബഹുമാനപ്പെട്ട എ.കെ.ബാലൻ വേറൊരു രൂപത്തിലേ വ്യാഖാനിക്കൂ എന്നറിയാം. ആ വ്യാഖ്യാനമാണ് വന്നതെങ്കിൽ യാതൊരു സംശയവും വേണ്ട ഈ സഭയ്ക്ക് ഉറപ്പുതരാൻ ആഗ്രഹിക്കുകയാണ് അങ്ങനെ വന്നാൽ ഈ പറയുന്ന സ്കീം ഞങ്ങൾക്ക് വേണ്ട എന്നു പറയാൻ ഈ ഗവൺമെന്റിന് യാതൊരു മടിയുമുണ്ടാകില്ല. ഒരു കാര്യം ഞാൻ പറയുന്നു, മൂന്ന് മെത്തേഡാണല്ലോ ഇതിലുള്ളത്. ആ മൂന്ന് മെത്തേഡിൽ ഞങ്ങളുടെ മെത്തേഡെന്നു പറയുന്നത് നിങ്ങളുടെ മെത്തേഡ് തന്നെ. നിങ്ങളും ഞങ്ങളും ഒന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസംഗിക്കുമ്പോൾ പറഞ്ഞു ബംഗാൾ വേണ്ടായെന്നുപറഞ്ഞപ്പോൾ ആവശ്യപ്പെട്ടത് ഈ കേരളം മാത്രമാണെന്ന്. ബഹുമാനപ്പെട്ട മെമ്പർ, 18 സ്റ്റേറ്റ് വാങ്ങിക്കഴിഞ്ഞു. കേരളത്തിന്റേത് ഇതുവരെ ആലോചിക്കുക പോലും ചെയ്തിട്ടില്ല. ഇതാണ് വസ്തുത. നമ്മൾ ഇത് മുഴുവൻ പഠിക്കാതെ......... അതുകൊണ്ടാണ് അവർ 15 ദിവസം കൊണ്ട് അറിയിക്കണമെന്ന് പറഞ്ഞത്. അങ്ങനെ അറിയിക്കണമെന്ന് പറഞ്ഞതിൽ മൂന്ന് കാര്യങ്ങളുണ്ട്. ഒന്ന്, ഫ്രാഞ്ചൈസി മോഡൽ, ഈ

കത്തിൽ ഞാൻ വായിച്ചു. രണ്ട്, പി.പി.പി മോഡൽ, മൂന്ന്, അദർവൈസ്. That is our model. ഇതാണ് ഇതിനകത്തുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് മറുപടി പറയണം, ഒരു പാട് വഴങ്ങിയാലുണ്ടാകുന്ന പ്രശ്നം......,

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതുകൊണ്ടല്ലേ വഴങ്ങാത്തത്.

മി. സ്പീക്കർ: അതല്ല, വഴങ്ങിക്കൊള്ളൂ. ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത ഓർമ്മിപ്പിച്ചതാണ്. ശ്രീ. എ. കെ. ബാലൻ ഇവിടെ......., എല്ലാവർക്കും നാട്ടിൽപ്പോയി സമരം വിജയിപ്പിക്കണ്ടേ; അത്രയേയുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ആ ബോധം എനിക്കുണ്ട്, അദ്ദേഹത്തിനില്ല. അതുകൊണ്ടാണ് നീട്ടിക്കൊണ്ടുപോകുന്നത്. ചില സന്ദർഭങ്ങളിൽ ഇന്ത്യാ ഗവൺമെന്റിന്റെ ചില കണ്ടീഷനുകളെല്ലാം നമ്മൾ അംഗീകരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യും. ഞാനും താങ്കളും അത് ചെയ്തിട്ടുണ്ട്. 2005–ൽ ഞാൻ മന്ത്രിയായിരിക്കുമ്പോൾ ആർ.ജി.ജി.വി.വൈ (ഞമഷശ് ഏമിറവശ ഏൃമാലലി ഢശറ്യൗശേസമൃമി ഥീഷമിമ) സ്കീം വന്നു, ഫ്രാഞ്ചൈസി വേണമെന്നതായിരുന്നു അതിലുള്ള കണ്ടീഷൻ, ഞാൻ അംഗീകരിച്ചു. 10–03–2010–ൽ, താങ്കളുടെ കാലത്ത് അപ്രൂവ് ചെയ്ത ഓർഡറിൽ ഫ്രാഞ്ചൈസി വേണമെന്നതായിരുന്നു വ്യവസ്ഥ. അത് താങ്കൾ അംഗീകരിച്ചില്ലേ; താങ്കൾ അംഗീകരിച്ചു. ഞാൻ കുറ്റപ്പെടുത്തുന്നതല്ല. താങ്കളും നടപ്പാക്കിയില്ല, ഞാനും നടപ്പാക്കിയില്ല. ഫ്രാഞ്ചൈസിയെ സംബന്ധിച്ച് ഞാൻ ഒരു വാദം കൂടി കൊണ്ടുവന്നു. പക്ഷെ ഇതിലൊരു പ്രത്യേക ഫ്രാഞ്ചൈസി നടക്കുകയില്ല. എന്താണ് ഫ്രാഞ്ചൈസി; നമ്മൾ വിൽക്കുന്നു, അവർ വിതരണം ചെയ്യുന്നു. ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഫ്രാഞ്ചൈസി

ആവശ്യമാണ്. പല സ്ഥലത്തും കുഗ്രാമങ്ങളിലെ കൺസ്യൂമേഴ്സിന് മീറ്റർ ഇല്ല. അവിടെയാണ് ഫ്രാഞ്ചൈസികളുടെ ആവശ്യം. നമ്മുടെ സംസ്ഥാനത്ത് മീറ്ററില്ലാത്ത ഒരു കൺസ്യൂമറുമില്ല; നിങ്ങളുടെ കാലത്തുമില്ല, ഞങ്ങളുടെ കാലത്തുമില്ല. അതുകൊണ്ട് ഇവിടെ ഫ്രാഞ്ചൈസിയുടെ ആവശ്യമില്ല. യാതൊരു സംശയവുമില്ല. പിന്നെ, ടെക്നിക്കലായി പറഞ്ഞാൽ നമുക്ക് ഫ്രാഞ്ചൈസിയുണ്ട്, ടാറ്റ, ഫിൻലെ അടക്കമുള്ള എട്ട് കമ്പനികൾ, നിങ്ങളുടെ കാലത്തുമുണ്ട്, ഞങ്ങളുടെ കാലത്തുമുണ്ട്. അവർ നമ്മളിൽനിന്നും വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. വേണമെങ്കിൽ അത് നമുക്ക് വാങ്ങാം. ഇനിയിപ്പോൾ വേണമെന്ന് പറഞ്ഞാൽത്തന്നെ ഈ കാര്യത്തിൽ ഫ്രാഞ്ചൈസി ആകാമെന്ന് ഞങ്ങൾ സമ്മതിക്കുകയില്ല, പി.പി.പി. വേണമെന്ന് ഞങ്ങൾ സമ്മതിക്കുകയില്ല. നിലവിലുള്ള സിസ്റ്റംതന്നെ വേണമെന്ന് പറയും. പിന്നെ അങ്ങ് ഇവിടെ വേറൊരു കാര്യം പറഞ്ഞു, ഇതിന്റെ അടിസ്ഥാനത്തിൽ അതാത് വർഷം താരിഫ് ഫയൽ ചെയ്യണമെന്നത് ഇതിന്റെ കണ്ടീഷനാണ്, ശരിയാണ്. ഇതുകൂടാതെ വേറൊരു കണ്ടീഷൻ ഇന്ത്യയിൽ നിലവിലുണ്ട്. 2003–ലെ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും അതാത് വർഷം തന്നെ താരിഫ് പെറ്റീഷൻ ഫയൽ ചെയ്യണമെന്ന് സെൻട്രൽ റെഗുലേറ്ററി കമ്മീഷൻ വിധിക്കുകയുണ്ടായി. എന്നുമാത്രമല്ല, ഏതെങ്കിലും സംസ്ഥാനം താരിഫ് പെറ്റീഷൻ ഫയൽ ചെയ്യാതിരുന്നാൽ സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷൻ ൌീ ീേ ആയി താരിഫ് ഫിക്സ് ചെയ്യണമെന്നും ആ വിധിയിൽപറഞ്ഞിട്ടുണ്ട്. സെൻട്രൽ റെഗുലേറ്ററി കമ്മീഷന്റെ ആ ഓർഡർ ഞങ്ങൾ അംഗീകരിക്കുന്നു, അതുകൊണ്ട് ഫയൽ ചെയ്തു. 2003–ലെ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് അതിപ്പോൾ സ്റ്റാറ്റ്യൂട്ടറിയായി വന്നിരിക്കുകയാണ്. അതുകൊണ്ട് ഞങ്ങൾ ഫയൽ ചെയ്തു. താരിഫ് വർദ്ധിപ്പിക്കണമോ വേണ്ടയോ

എന്നതിൽ അവസാനം സർക്കാർ തീരുമാനമെടുക്കും. വർദ്ധിപ്പിക്കില്ലെന്നും വർദ്ധിപ്പിക്കുമെന്നും ഞാൻ പറയുന്നില്ല. സാഹചര്യം കണക്കിലെടുത്തു കൊണ്ട് ചെയ്യും എന്നുമാത്രമാണ് ഞാൻ പറയുന്നത്. അതും ഈ റീ-സ്ട്ര ക്ച്ചറുമായി യാതൊരു ബന്ധവുമില്ല. പിന്നെ, മൂന്ന് കമ്പനികളാക്കുന്ന കാര്യം പറഞ്ഞു, ഞങ്ങളത് ചെയ്യുകയില്ല. ബഹുമാനപ്പെട്ട എ. കെ. ബാലൻ, താങ്ക ളുടെ കാലത്ത് ഒരു കമ്പനിയായിരുന്നു, ഞങ്ങളുടെ കാലത്തും ആ കമ്പനി തന്നെ. മൂന്ന് ആക്കുന്നതിനുള്ള ഒരു നയം നേരത്തേ ഇവിടെ വന്നത് അറി യാമല്ലോ; അത് ആരുടെ നയമായിരുന്നുവെന്നും പറയേണ്ടതില്ലല്ലോ? ആ നയം ഞങ്ങൾക്കില്ല. അങ്ങ് പറഞ്ഞു, ബംഗാൾ........, ബംഗാളിൽ, കൽക്കട്ട യിലെ വൈദ്യുതി വിതരണം ആരുടെ കൈകളിലാണെന്ന് ഞാൻ ബഹുമാന പ്പെട്ട മെമ്പറോട് ചോദിക്കുകയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ കുത്തക ക്കാരനായ ടാറ്റയുടെ കൈയിലാണ്. ഞങ്ങൾ ഒന്നും ചെയ്യുന്നില്ല, ചെയ്യാനും പോകുന്നില്ല. ഏതായാലും ഈ സഭയ്ക്ക്..........., ഞാൻ അധികം നീട്ടി ക്കൊണ്ട് പോകുന്നില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, സംസ്ഥാന സർക്കാരിന്റെ പവർ നയമാണ് അങ്ങിവിടെ പ്രഖ്യാപിച്ചത്. പക്ഷെ, 2003-ലെ സെൻട്രൽ ആക്ടിന്റെ പ്രൊവി ഷനിൽ വരുന്നതെല്ലാംതന്നെ, ൌീ ീേ സംസ്ഥാനങ്ങൾക്ക് ബാധകമാണ്. അങ്ങേയ്ക്ക് അത് അറിയാവുന്നതാണ്, ഈ കത്തിൽ ക വേലൃലളീൃല ൃലൂൗലെ ്യീൗ േശിറശരമലേ മി മരശേീി ുഹമി ളീൃ ൃൃശ്മശ്വോമശേീി ീള റശൈ്യേശയൗശേീി ംശവേശി 15 റമ്യെ ള്യീാ വേല റമലേ ീള ശൌൈല ീള വേശെ ഹലലേ്യ. ഇതിനെന്താണ് മറുപടി?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇതിന്റെ മറുപടിയാണ് വളരെ വ്യക്തമായി ഞാൻ പറഞ്ഞത്. With a view to improve the financial health of several power sectors, it is therefore very important in the State to initiate action for improvement of the efficiency either through privatization or distribution utilities or recommended by aforesaid two committees or otherwise. That is our method. Therefore, I request you to indicate the action plan for privatization of distribution within 15 days............. അത് ഈ നാലാമത്തെ പാരഗ്രാഫിന് ബാധകമായിട്ടാണ്. ഞാൻ ഒന്നേ പറയുന്നുള്ളൂ, മൂന്നാമത്തെ പാരഗ്രാഫിന് ബാധകമായിട്ടാണ് നാലാമത്തെ പാരഗ്രാഫ്. ആദ്യത്തെ പാരഗ്രാഫിന് ബാധകമാണ് രണ്ടാമത്തേത്, രണ്ടാമത്തേതിന് ബാധകമാണ് മൂന്നാമത്തേത്, എല്ലാത്തിനും ബാധകമാണ് നാലാമത്തേത്. ഈ നാലാമത്തെ പാരഗ്രാഫിന്റെ ഉദ്ദേശം എന്താണെന്നറിയാമോ? ഇപ്പോൾ ഒരൊറ്റ കമ്പനിയാണ് നമുക്കുള്ളത്, പ്രൈവറ്റൈസേഷനില്ല, ഫ്രാഞ്ചൈസിയില്ല. മറിച്ച് അഭിപ്രായമുണ്ടെങ്കിൽ 15 ദിവസംകൊണ്ട് അറിയിക്കാനാണ് പറഞ്ഞിരിക്കുന്നത്. മറിച്ചൊരഭിപ്രായം ഞങ്ങൾക്കില്ല, അതുകൊണ്ട് അറിയിക്കേണ്ട കാര്യമില്ല. പക്ഷെ, ഞങ്ങൾ അറിയിക്കും, എന്താണ് എഴുതാൻ പോകുന്നത് എന്നറിയുമോ?..........., ഇന്നലെയാണ് ഈ കത്ത് ലഭിച്ചത്. നിങ്ങൾക്ക് ഇത് മിനിയാന്ന് കിട്ടിയോയെന്ന് എനിക്കറിയില്ല. എനിക്ക് ഇന്നലെയാണ് കിട്ടിയത്. ഏതായാലും ഞങ്ങൾ ഇതിൽ അറിയിക്കാൻ പോകുന്നത്........,

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ഫെബ്രുവരി 13-ാം തീയതി അയച്ചിട്ടുള്ള കത്താണ്. അതിൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വ്യാഖ്യാനമാണ് ശരിയെങ്കിൽ ഒരു പ്രശ്നവുമില്ല. പക്ഷെ, മരശേീ ുഹമി ളീൃ ൂൃശ്മശേമശേീ ീള റശെൃേശയൗശേീ ംശവേശി 15 റമ്യെ എന്ന് എഴുതാനുള്ള കാരണം നിങ്ങൾ ആദ്യംതന്നെ കേന്ദ്രത്തിന് വില്ലിംഗ്നെസ്സ് അയച്ചു. നിങ്ങൾ അയച്ചതുകൊണ്ടാണ് ഈ കത്ത് വന്നത്, അല്ലെങ്കിൽ വരില്ലായിരുന്നു. എല്ലാ കണ്ടീഷനുകളും കംപ്ലൈ ചെയ്യാമെന്നുപറഞ്ഞുകൊണ്ട് കത്തയച്ചതിന്റെ ഭാഗമായിട്ടാണ് ഈ കത്ത് വന്നത്. ഒരു കാര്യംകൂടി, ഒരു ചോദ്യത്തിന് ഉത്തരമായി അങ്ങ് പറഞ്ഞ മറുപടി, 2,640 കോടി രൂപയാണ് നമ്മുടെ ബാധ്യത, അതിന്റെ 1/8, അതായത് 330 കോടി രൂപയാണ് കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നത് എന്നതാണ്. അതിൽ കൂടുതൽ ലഭിക്കുകയില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിർബന്ധിത നിബന്ധനകൾ പാലിക്കുന്ന പക്ഷം സ്റ്റേറ്റ് ഗവൺമെന്റിന്റെ ലയബിലിറ്റിയുടെ 25% കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി നൽകും, അത് മാക്സിമം 330 കോടി രൂപയേ വരുകയുള്ളൂ. 330 കോടി രൂപ ലഭിക്കണമെങ്കിൽത്തന്നെ ട്രാൻസ്മിഷൻ ലോസ് കുറച്ചുകൊണ്ടുവരണം. 15%-ൽ നിന്ന് എങ്ങനെ ട്രാൻസ്മിഷൻ ലോസ് കുറച്ചാലും 13%-നപ്പുറം പോകുകയില്ല. അതുവഴി ലഭിക്കാൻ പോകുന്നത് 125-130 കോടി രൂപ മാത്രമാണ്. അതിനുവേണ്ടിയാണ് നിങ്ങൾ ഈ കത്തയച്ചത്. .... (മൈക്ക് ഓഫ്)......... ഈ കത്തുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്ത് മറുപടിയാണ് നൽകാനുള്ളത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതെല്ലാം അദ്ദേഹം ആദ്യം പറഞ്ഞു, ഞാൻ അതിന് മറുപടിയും നൽകി. ഇതിനുപുറമേ ഒന്നുകൂടിയുണ്ട്, ഗ്രാന്റ് ഇൻസെന്റീവ്. സേവിംഗ്സ് എത്രയാണോ ആ സംഖ്യ മുഴുവനും ഗ്രാന്റ് ഇൻസെന്റീവാണ്. അത് ഈ 25%-നുപുറമേയാണ്. ഞാൻ ഈ കത്തിനെ

ക്കുറിച്ച് പറയാം. ഒരു സംശയവും വേണ്ട ഇവിടെ യാതൊരു കാരണവശാലും പ്രൈവറ്റൈസേഷനില്ല. എന്നുമാത്രമല്ല, ഈ കത്തിന്റെ അവസാനത്തെ പാരഗ്രാഫിന് മൂന്നാമത്തെ പാരഗ്രാഫ് ചൂണ്ടിക്കാണിച്ചുള്ള മറുപടി ഞങ്ങൾ അയയ്ക്കുന്നുണ്ട്. ഞാൻ ആമുഖ പ്രസംഗത്തിൽ പറഞ്ഞിരുന്നു, അതായത് ഇന്ന് ഇന്ത്യയിൽ ഏറ്റവുമധികം ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ലോസ് കുറഞ്ഞ സംസ്ഥാനമാണ് കേരളം. ഇന്നും ഇന്ത്യാ ഗവൺമെന്റിന്റെ കണക്ക് അനുസരിച്ച് 241 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനമാണ്. അത് ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല. അതുകൊണ്ട് ഇവിടെ ഈ സിസ്റ്റം തന്നെ തുടരും, ഈ അദർവൈസിലാണ് ഞങ്ങൾ നിൽക്കുന്നത്, ഞങ്ങൾക്കിത് സ്വീകാര്യമല്ല എന്നുതന്നെ അറിയിക്കും. യാതൊരു സംശയവുംവേണ്ട. ഒന്നുകൂടി ഞാൻ പറയുന്നു, ഇനി മൂന്ന് വർഷംകൂടി കാത്തിരിക്കൂ, ഞങ്ങൾ ഇത് ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുള്ളത് നിങ്ങൾക്ക് അപ്പോൾ അറിയാം. ഞങ്ങൾ ചെയ്യില്ല. ഏതെങ്കിലും കാലത്ത് നിങ്ങൾക്ക് വരാൻ സാധിച്ചാൽ ചെയ്യരുതെന്നുള്ള ഒരു അപേക്ഷയും വച്ചുകൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ട്രാൻസ്പോർട്ടിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ ഇലക്ട്രിസിറ്റിയുടെ കാര്യത്തിലും കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ എതിർക്കാൻ, അല്ലെങ്കിൽ അത് നടപ്പിലാക്കാൻ തയ്യാറാകാത്ത വിധത്തിൽ, സ്വകാര്യവത്ക്കരണം

നടപ്പിലാക്കാൻ ശ്രമിച്ചാൽ ഞങ്ങൾ അതിൽ വീഴുന്നതല്ലായെന്ന് പരസ്യമായി, വളരെ ശക്തമായി ഈ സഭയിൽ പറഞ്ഞ സ്ഥിതിക്ക് ആ നടപടിക്ക് ഞങ്ങളുടെ ശക്തമായ പിന്തുണയുണ്ടാകും. അങ്ങനെ കേന്ദ്രത്തിന്റെ ഈ നയങ്ങൾക്കെതിരായി ഒരുമിച്ച് പോരാടാമെന്നുകൂടി അറിയിച്ചുകൊണ്ട്, അങ്ങനെയുള്ള ഒരു നയം കേന്ദ്രം തിരുത്താൻവേണ്ടി നാളെ മുതൽ നടക്കാൻപോകുന്ന ഈ സമരത്തിനുതന്നെ ഇതൊരു പ്രചോദനമായിത്തീരട്ടെ എന്ന് ആശിച്ചുകൊണ്ട്........, ഇതിനെ സംബന്ധിച്ചുള്ള വാക്കൗട്ടിന്റെ പ്രശ്നമേ ഉദിക്കുന്നില്ല, അതിനെ അനുകൂലിക്കുന്നു എന്നുപറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

മി. സ്പീക്കർ: എല്ലാവരോടും ഒരു കാര്യം എപ്പോഴും പറയുന്നതാണ്. ഒരു പ്രാവശ്യംകൂടി പറയുകയാണ്, ഇനി ആവർത്തിക്കുകയില്ല. ഇവിടെ പണിമുടക്കിന്റെ കാര്യമെല്ലാം പറഞ്ഞു. അത് നടത്തുന്നവരുടെ വിഷയമാണ്. അത് യാത്രകളെയെല്ലാം ബാധിക്കുമോ എന്ന് എനിക്ക് അറിയില്ല. ഇവിടെയിന്ന് 47 സബ്മിഷനുകളുണ്ട്, അതിനുമുമ്പ് രണ്ട് ശ്രദ്ധക്ഷണിക്കലുണ്ട്, നാല് ബില്ലുകളുമുണ്ട്. ഈ നാല് ബില്ലിലുമായി 12 ഡിസെന്റിംഗും 8 ഭേദഗതികളുമുണ്ട്. കൂടാതെ, സ്വാഭാവികമായും അസംബ്ലി തീരുന്ന ഒരു ദിവസമായതിനാൽ അവകാശ ലംഘനവുമായി ബന്ധപ്പെട്ട് ചെയറിന് കുറച്ചു സമയം വേണ്ടിവരും. ഇവിടെ ഡിസെന്റിംഗിന് സമയ ക്ലിപ്തതയൊന്നുമില്ല. പക്ഷെ, മുൻകാലത്ത് ഇവിടെയിരുന്ന സ്പീക്കർമാർ ഡിസെന്റിംഗിനുപോലും കർശനമായി പത്ത് മിനിട്ട് എന്നുപറയുമായിരുന്നു. ഞാനിവിടെ അഞ്ച്, പത്ത് എന്നൊന്നും പറയുന്നില്ല. അത് ഞാൻ നിങ്ങൾക്ക് വിട്ടുതന്നിരിക്കുന്നു. ഇതാണ് സ്ഥിതി. 47 സബ്മിഷൻ, രണ്ട് ശ്രദ്ധക്ഷണിക്കൽ, നാല് ബിൽ, 20

പ്രസംഗം ഇതെല്ലാം നിങ്ങളുടെ അറിവിനുവേണ്ടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഇന്നത്തെ സബ്മിഷനുകൾ സഭയിൽ അവതരിപ്പിക്കാതെ അതിനുള്ള മറുപടികൾ മന്ത്രിമാർ ബഹുമാനപ്പെട്ട മെമ്പർമാർക്ക് അയച്ചുകൊടുത്താൽ മതി. സബ്മിഷൻ ഇവിടെ അവതരിപ്പിക്കേണ്ട.

മി. സ്പീക്കർ: സബ്മിഷൻ ഇന്ന് സഭയിൽ അവതരിപ്പിക്കേണ്ടതില്ലെന്ന ഒരു പ്രൊപ്പോസൽ വന്നിട്ടുണ്ട്. എല്ലാത്തിന്റെയും മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ മെമ്പർമാർക്ക് എത്തിച്ചുകൊടുക്കണം. ഇത് ഇന്നത്തെ ദിവസത്തേക്ക് മാത്രമാണ്. ശ്രദ്ധക്ഷണിക്കൽ......., ശ്രീ. തോമസ് ഉണ്ണിയാടൻ, ശ്രീ. വി. ശിവൻകുട്ടി, നിങ്ങൾ രണ്ടുപേരും സന്ദർഭത്തിനനുസരിച്ച് ഉയരുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സബ്മിഷൻ അവതരിപ്പിക്കാനില്ലാത്തവരാണ് ഇന്നത്തെ സബ്മിഷൻ അവതരിപ്പിക്കേണ്ടതില്ലെന്ന് പറയുന്നത്. അവർ പറയുന്നതുകേട്ട് അങ്ങ് തീരുമാനമെടുക്കുകയാണോ?

മി. സ്പീക്കർ: ഇതൊന്നും ചെയറിന്റെ അഭിപ്രായമല്ല, ചെയർ അടിച്ചേൽപ്പിച്ചതുമല്ല. ആവശ്യമില്ലാതെ തർക്കിക്കേണ്ട കാര്യമില്ല. ഇന്നത്തെ ദിവസമായതുകൊണ്ട് പറയുന്നതാണ്. ആരുടെയും അവകാശത്തെ ലംഘിക്കുന്നതിന് ചെയറിന് താൽപ്പര്യമില്ല.